(ബി) ഇപ്പോൾ ഒരു സീറ്റ് നീക്കിവച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലാബുകളിൽ ഒഴിവുള്ള തസ്തിക

150 (808)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലാബുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ രണ്ട് ലാബ് ടെക്നീഷ്യന്മാരുടെയും രണ്ട് ജൂനിയർ ലാബ് അസിസ്റ്റന്റുന്മാരുടെയും എസ്.എ.ടി. ആശുപത്രിയിൽ ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആട്ടോമാറ്റിക് രക്തപരിശോധന യന്ത്രം

151 (809)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ആവശ്യത്തിന് ഒരു ആട്ടോമാറ്റിക് രക്തപരിശോധന യന്ത്രം വാങ്ങിയിട്ടുണ്ടോ;

(ബി) ഈ യന്ത്രം എന്നാണ് പ്രസ്തുത സ്ഥാപനത്തിലെത്തിയത്;

(സി) മണിക്കൂറിൽ എത്ര രക്തസാമ്പിളുകൾ പരിശോധിക്കുവാൻ ഈ യന്ത്രത്തിനു കഴിയും;

(ഡി) ഈ യന്ത്രം ഇതുവരെ ഉപയോഗിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുവരെ ഈ യന്ത്രം ഉപയോഗിച്ച് എത്ര സാമ്പിളുകൾ പരിശോധിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19.3.1996-ൽ.

(സി) മണിക്കൂറിൽ 16 (പതിനാറ്) സാമ്പിളുകൾ പരിശോധിക്കുവാൻ ഈ യന്ത്രത്തിനു കഴിയും.

(ഡി) ഈ യന്ത്രം ഉപയോഗിച്ചു വരികയാണ്.

(ഇ) ഈ യന്ത്രം ഉപയോഗിച്ച് ഇതുവരെ ഏകദേശം 5000 (അയ്യായിരം) സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly